"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.ജി.എസ്.വൈ. - കെ.എസ്.ആർ.ആർ.ഡി.എ.യ്ക്ക് കീഴിൽ ആലപ്പുഴ പി.ഐ.യു.വിൽ ശ്രീമതി ജയശ്രീ.എസ്-നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.449/2024/LSGD തീയതി,തിരുവനന്തപുരം, 24-02-2024

പരാമർശം:-
1. ജി.ഒ.(ആർ.റ്റി)നം.4077/2008/എൽ.എസ്.ജി.ഡി. തീയതി 20.11.2008
2. കെ.എസ്.ആർ.ആർ.ഡി.എ മെമ്പർ സെക്രട്ടറിയുടെ 22.7.2023 ലെ 295/F/2022/KSRRDA നമ്പർ കത്ത്.

ഉത്തരവ്

പി.എം.ജി.എസ്.വൈ.-യുടെ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസിയായ കെ.എസ്.ആർ.ആർ.ഡി.എ.യ്ക്ക് കീഴിൽ 14 ജില്ലകളിലും ഉള്ള പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിൽ (പി.ഐ.യു.) പരാമർശം (1) ഉത്തരവ് പ്രകാരം ഒരോ സീനിയർ അക്കൗണ്ടന്റ് തസ്തിക വീതം സൃഷ്ടിച്ചിരുന്നു. അപ്രകാരം ആലപ്പുഴ പി.ഐ.യു. വിലെ സീനിയർ അക്കൗണ്ടന്റ് തസ്തിക ഒഴിവു വന്നതിനാൽ, ₹20065/- മാസ വേതന നിരക്കിൽ നിയമാനുസൃതമായി പുതിയ ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കാൻ ആലപ്പുഴ പി.ഐ.യു.വിന് അനുമതി നൽകിയിരുന്നു എന്നും അതിൻ പ്രകാരം ആലപ്പുഴ പി.ഐ.യു. അഭിമുഖം നടത്തി ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ശ്രീമതി ജയശ്രീ എസ്. (റിട്ടയേർട് ഡിവിഷണൽ അക്കൗണ്ടന്റ്, പി.ഡബ്ളിയു.ഡി.) എന്നയാൾ ഒന്നാം റാങ്ക് കരസ്ഥമാക്കിയതായും തിരഞ്ഞെടുപ്പ് പ്രക്രിയ നിയമാനുസൃതമായതിനാലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉള്ളതിനാലും ശ്രീമതി ജയശ്രീ എസ്. നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും കെ.എസ്.ആർ.ആർ.ഡി.എ. മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ആർ.ഡി.എ. യ്ക്ക് കീഴിൽ ആലപ്പുഴ പി.ഐ.യു. വിൽ സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്ക് ശ്രീമതി ജയശ്രീ എസ്. നെ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i)ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ/നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ii)ഭാവിയിൽ സ്ഥിരപ്പെടുത്തുന്നതിനു യാതൊരു അവകാശവാദവും ഉന്നയിക്കില്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം വാങ്ങേണ്ടതുമാണ്.

iii) കരാർ നിയമനം നൽകുന്ന ഉത്തരവിൽ കരാർ കാലയളവ് (dd/mm/yy to dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

iv) പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ.,തിരുവനന്തപുരം
ശ്രീമതി.ജയശ്രീ എസ്.(കെ.എസ്.ആർ.ആർ.ഡി.എ. മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 24-02-2024 15:37:17

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി